CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സുറിയാനി സഭയുടെ ഗായക സംഘങ്ങൾക്കായ്.....



ഡീക്കൻ സഞ്ചു പട്ടാഴി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**Suriyani Sabhayude Gaayaga Sangangalkkaayiii....**
**(Malayalam)**


| | | |
|---|---|---|
| Author | : | **Rev.Dn.Sanju Pattazhy.** |
| First Edition | : | October. 2016. |
| Copies | : | 2500. |
| Type setting | : | Rev.Dn.Sanju Pattazhy. |
| Cover Design | : | United Printers. |
| Printed at | : | United Printers,<br>Kottarakkara. |
| Published by | : | **Rev.Dn.Sanju Pattazhy.<br>Puthenveettil,<br>Thekketherry.P.O.<br>Pattazhy. Pin.691522.<br>Kollam (Dist.), Kerala.** |
| **Mobile** | : | **09847030241.** |
| **E-Mail** | : | sanjusmusic@yahoo.com.<br>@gmail.com |

**Rs: 150/-**


All Rights Reserved.
(No part of this book may be reproduced or utilized in any form or by any means without the prior written permission of the Author).

www.TheCMSIndia.org

# ഇതളുകൾ വിരിയുമ്പോൾ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

1. ആരാധനാ സംഗീതത്തിന്റെ ആരംഭം.
2. സംഗീതം വിശുദ്ധ വേദപുസ്തകത്തിൽ.
3. ആദിമ സഭയിലെ ആരാധനാ സംഗീതം.
4. സുറിയാനി സംഗീത പാരമ്പര്യം.
5. ബെസ്ഗാസാ. (എക്കാറ).
6. ആരാധനയിൽ ഗായകസംഘങ്ങൾക്കുള്ള സ്ഥാനം.
7. ആരാധനയിൽ സംഗീത ഉപകരണങ്ങളുടെ ഉപയോഗം.
8. ആരാധനാലയത്തിലെ ശബ്ദനിയന്ത്രണം.
9. ഗായകസംഘത്തിന് ഒരു പാഠ്യപദ്ധതി.
10. ആരാധനക്രമങ്ങളിലെ അബദ്ധങ്ങൾ.
11. സംഗീതം എന്ന ഔഷധം.
12. സംഗീത പഠനത്തിനു മുമ്പ് ഒരു നിമിഷം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 1

## ആരാധനാ സംഗീതത്തിന്റെ ആരംഭം.

മനുഷ്യന് ദൈവം നൽകിയ കഴിവുകളിലൊന്നാണ് സംഗീതം. ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ സംഗീതത്തിനുള്ള സ്ഥാനം വളരെ ശ്രദ്ധേയമാണ്. എല്ലാ മതങ്ങളുടെയും ആരാധനയിൽ സംഗീതത്തിനു വളരെ വലിയ സ്ഥാനമുണ്ട്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആദ്ധ്യാത്മിക നിർവൃതിയിൽ മനുഷ്യമനസ്സ് സ്വയം ലയിച്ച് സ്വാർത്ഥതയെ നിഷ്പ്രഭമാക്കുന്ന അനുഭവം സകല ജാതി മത ഗോത്രങ്ങളുടേയും സംഗീതാവിഷ്ക്കരണത്തിൽ ദൃശ്യമാണ്. ക്രൈസ്തവ സഭകളുടെ സംഗീതപാരമ്പര്യം അതിപുരാതനമാണ്. ആരാധനയുടേതെന്നപോലെ ക്രൈസ്തവ സംഗീതത്തിന്റെ വേരുകൾ യഹൂദ, യവന സംസ്ക്കാരങ്ങളിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു.

ബൈബിളിലെ 'ഷീർ' എന്ന എബ്രായ പദത്തെയാണ് സംഗീതം, പാട്ട് എന്നെല്ലാം തർജ്ജമ ചെയ്തിരിക്കുന്നത്. വേദപുസ്തകത്തിൽ ഉൽപ്പത്തി പുസ്തകം മുതൽ സംഗീതത്തെപ്പറ്റിയുള്ള വിവരണങ്ങൾ കാണാം (ഉൽപ്പത്തി 4.21). സംഗീത നിപുണരായ ഒരു സമൂഹമാണ് തങ്ങളെന്ന് യഹൂദന്മാർ സ്വയം അഭിമാനിച്ചിരിന്നു. യഹൂദന്മാരെ യുദ്ധത്തിൽ ശത്രുക്കൾ തോൽപ്പിച്ചപ്പോൾ കൊള്ളയുടെ ഭാഗമായി യഹൂദാ സംഗീതജ്ഞരെയും പിടിച്ചുകൊണ്ടു പോയിരുന്നു. ബാബിലോണിലെ പ്രവാസ കാലത്ത് അവർ ഇങ്ങനെ പാടി: "ബാബേൽ നദികളുടെ തീരത്ത് ഞങ്ങൾ ഇരുന്നു. സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു. അതിന്റെ നടുവിലെ അലരി വൃക്ഷങ്ങളിന്മേൽ ഞങ്ങൾ ഞങ്ങളുടെ കിന്നരങ്ങളെ തൂക്കിയിട്ടു". അവർ അകലെയിരുന്നു വീണ്ടും ചൊല്ലി:



www.TheCMSIndia.org

# 2

# സംഗീതം വിശുദ്ധ വേദപുസ്തകത്തിൽ.

വിശുദ്ധ വേദപുസ്തകത്തിൽ സംഗീതത്തിന്റെ ആരംഭം (ഉൽപ്പത്തി 4:21) കാണുന്നു. യൂബാൽ കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായിത്തീർന്നു. യോവേലിന്റെ മകൻ സംഗീതക്കാരനായ ഹേമാൻ. (1.ദിനവൃത്താന്തം 6:33) ദാവീദിന്റെ സംഗീതശാലയിലെ പാട്ടുകാരിൽ പ്രമുഖൻ (Choir Master) ആയിരുന്നു. (1.ദിനവൃത്താന്തം 15:16-22). സംഗീത ഉപകരണങ്ങളെപ്പറ്റി (Music Instruments) ദാനിയേൽ 3:5 രേഖപ്പെടുത്തിയിരിക്കുന്നു. ആനന്ദം ഉണ്ടാക്കുക എന്നതാണ് സംഗീതത്തിന്റ ഉദ്ദേശ്യം. (സഭാപ്രസംഗി 2:8). സംഗീതക്കാരെയും സംഗീതക്കാരികളെയും മനുഷ്യരുടെ പ്രമോദമായ അനവധി സ്ത്രീ ജനത്തെയും സമ്പാദിച്ചു. യിശ്ശായുടെ മകൻ ദാവീദ് കിന്നരം വായിച്ചപ്പോൾ ദുരാത്മാവ് മാറിപ്പോയി. സംഗീതം ബുദ്ധിഭ്രമത്തിന് ഒരു ഔഷധമായി (Music Theraphy) കരുതുന്നു. (1.ശമുവേൽ 16:14-17,23). സംഗീതജ്ഞരായ പ്രവാചകന്മാർ. (1.ശമുവേൽ 10:5). വീണക്കാരൻ വായിക്കുമ്പോൾ യഹോവയുടെ കൈ അവന്റെ മേൽ വന്നു (2.രാജാക്കന്മാർ 3:5).

**സംഗീതോപകരണങ്ങൾ.**

ഇസ്രായേല്യർ താളം പിടിക്കുന്നതിന് ചെണ്ടയും (Drums) ഇലത്താളവും (Cymbals), മുഴങ്ങുന്ന ചെമ്പ് (Gongs), Rattles എന്നിവയും ഉപയോഗിച്ചു. എബ്രായ സ്ത്രീകൾ ഒരു പരന്ന കൈച്ചെണ്ട (Timbrel) കൊട്ടിയിരുന്നു. ഫിലിസ്ത്യരോടുള്ള യുദ്ധാനന്തരം ശൗൽ മടങ്ങി വന്നപ്പോൾ സ്ത്രീകൾ പാടിയും നൃത്തം ചെയ്തു തപ്പും തംബുരുവുമായി വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി പാടി (Antiphonal) (1. ശമു 18:6,7).

# 3

# ആദിമ സഭയിലെ ആരാധനാ സംഗീതം.

"The Christian Church was born in song" (Ralp.P.Martin). "The Chrisitan Church has come singing down the ages". ഈ ഉദ്ധരണികൾ ക്രിസ്തീയ സഭയിൽ ആത്മിക ഗീതങ്ങൾക്കും സംഗീതത്തിനുമുള്ള പ്രാധാന്യം വ്യക്തമാക്കുന്നു. സഭയുടെ ആരാധന, സംഗീതാലാപനത്താൽ സമ്പുഷ്ടമായിരുന്നു എന്നു മനസ്സിലാക്കാം.

സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ് പൊതുവിലുള്ള ആരാധന (Corporate Workship). അത് വേദപുസ്തകത്തെ അടിസ്ഥാനമാക്കി സഭാപാരമ്പര്യത്തിൽ നിന്ന് ഉളവായതാണ്. പൊതുവിലുള്ള ആരാധനയുടെ പ്രധാന മാധ്യമമായും, ആരാധന പരിപുഷ്ടിപ്പെടുത്തുന്ന ഘടകമായും ആരാധനാ സംഗീതം ഇന്നും വളർന്നുകൊണ്ടിരിക്കുന്നു. മാർത്തോമ്മാ, C.S.I, ഇവാഞ്ചലിക്കൽ തുടങ്ങിയ സഭകൾ ആരാധനയുടെ ഭാഗമായി കീർത്തനങ്ങൾ ഉപയോഗിക്കുന്നു (Hymns). എന്നാൽ പൗരസ്ത്യ സഭകളിൽ Chanting of the Liturgy ആയിട്ടാണ് സംഗീതം ഉപയോഗിച്ചുവരുന്നത്. ആരാധന, ആരാധനാസംഗീതം ഇവയുടെ ഘടകങ്ങൾ നാം മനസ്സിലാക്കുന്നതിനോടൊപ്പം ഇവയുടെ പശ്ചാത്തലം, വേദശാസ്ത്രം, ചിഹ്നങ്ങൾ മുതലായവ മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

ആദിമ ക്രൈസ്തവ സഭയുടെ പാരമ്പര്യത്തിൽ ഗ്രീക്ക് സ്വാധീനം വളരെയധികമായിരുന്നു. പുതിയനിയമം എഴുതപ്പെട്ടത് ഗ്രീക്കിലാണ്. ഗ്രീക്ക് സംഗീത തത്വങ്ങൾ (Tetra Chords, Scales, Principles of Melody and Harmony) B.C. 6-ാം



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# 4

# സുറിയാനി സംഗീത പാരമ്പര്യം.

സുറിയാനി സഭയുടെ ആരാധനാപാരമ്പര്യം മറ്റുസഭാ പാരമ്പര്യങ്ങളെക്കാൾ ഉന്നത നിലവാരമുള്ളതാണ്. യഹൂദന്മാരുടെ പദ്യസാഹിത്യത്തിൽനിന്നും ഊറ്റംകൊണ്ട തനതായ സംഗീതശൈലിക്ക് രൂപംകൊടുക്കുവാൻ സുറയാനി സഭയ്ക്ക് കഴിഞ്ഞു. ഗ്രീക്ക്, ലത്തിൻ ആരാധനകളിൽ പലതിലും സുറയാനി സംഗീതരീതികളുടെ സ്വാധീനം ഉണ്ടായിട്ടുണ്ട്. മദ്ധ്യപൂർവ്വദേശങ്ങളിലെ സുറിയാനി സഭകളിൽ അറബിഭാഷയുടെ അമിതമായ സ്വാധീനത്താൽ ഇന്ന് സുറിയാനി ആരാധനാസംഗീതം അതിന്റെ തനിമ നശിച്ച് ശുഷ്ക്കമായിക്കൊണ്ടിരിക്കുന്നു. അൽപ്പമെങ്കിലും അതിന്റെ സൗന്ദര്യം കാത്തുസൂക്ഷിക്കുന്നത് ഇന്ത്യയിലെ സുറിയാനി സഭകളാണ്. നമ്മുടെ പല വൈദിക സെമിനാരികളിലും ദയറാകളിലും ഇത് പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും ഇടവകകളിലെ നിത്യാരാധനയിൽ സുറിയാനി സംഗീതത്തിന്റെ ഉപയോഗം വളരെ കുറവാണ്.

സഭയിലെ എല്ലാ ആരാധനകളിലെയും സുറിയാനി ഗീതങ്ങൾ അതേ രാഗങ്ങളിൽത്തന്നെ മലയാളത്തിൽ കവിതകളാക്കിയിട്ടുണ്ട്. സഭാ സംഗീതങ്ങളുടെയെല്ലാം നിധിനിലയം -"Treasury of Church Music' എന്ന് നാമമുള്ള സുറിയാനി ഗ്രന്ഥം ഇപ്പോൾ അറിയപ്പെടുന്നത് 'എക്കാറ' എന്ന പേരിലാണ്. ഈ സുറിയാനി സംഗീതഗ്രന്ഥത്തിലെ എല്ലാ ഗീതങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്ത് ഗാനങ്ങളാക്കിയിട്ടില്ല. ആരാധനാ സംവത്സരത്തിലും ശുശ്രൂഷകൾക്കും കൂദാശകൾക്കും-പട്ടംകൊട-പള്ളിക്കൂദാശ-സാധാരണ (ശ്ഹീമാ) പ്രാർത്ഥനകൾ-നോമ്പിലെ പ്രാർത്ഥനകൾ തുടങ്ങിയ എല്ലാ ആരാധനകളിലെയും ശുശ്രൂഷകളിലെയും ഗീതങ്ങൾക്ക് രാഗം പകരുന്നത് പ്രസ്തുത എക്കാറയിലെ വൈവിദ്ധ്യമാർന്ന സംഗീതസഞ്ചയത്തിൽനിന്നാണ്.



www.TheCMSIndia.org

# 5

# ബെസ്ഗാസാ (Treasure House)

### എക്കാറ (അഷ്ടരാഗങ്ങൾ അല്ലെങ്കിൽ 8 നിറങ്ങൾ).
Octo Echoes.

സഭാസംഗീതം എല്ലാം ശാസ്ത്രീയമായി ഉൾക്കൊള്ളിച്ച്കൊണ്ട്, സഭാസംഗീതം പഠിക്കുന്നവർക്കും പാടുന്നവർക്കും അനായാസേന വ്യത്യസ്തരാഗങ്ങളെ ഓർക്കുവാൻ ഉണ്ടാക്കിയിരിക്കുന്ന പുസ്തകത്തിന്റെ പേരാണ് സുറിയാനിയിൽ 'ബെസ്ഗാസാ' അല്ലെങ്കിൽ 'സഭാസംഗീതത്തിന്റെ ഭണ്ഡാരം' എന്ന് പറയുന്നത്. ഈ പുസ്തകം 'എക്കാറ' എന്ന പേരിൽ അറിയപ്പെടുന്നു. എന്നാൽ എക്കാറ എന്ന് ഒരിടത്തും എഴുതാറില്ല. 'എക്കാറോ' എന്ന സുറിയാനി വാക്കിന് വേര് (Root) എന്നാണർത്ഥം. ഒരുപക്ഷേ എളുപ്പത്തിൽ പറയുവാൻ തക്കവണ്ണം എക്കാറ എന്ന് പേര് കൊടുത്തതായിരിക്കാം. ഇതിൽ സഭയിലെ ആരാധനയിൽ ഉപയോഗിക്കുന്ന എല്ലാ ഗീതങ്ങളുടെയും ഈണം കൊടുത്തിരിക്കുന്നു. എന്നാൽ സ്വരസ്ഥാനങ്ങൾകൊണ്ട് ചിട്ടപ്പെടുത്തിയിട്ടില്ല. ഇതിൽ ചേർത്തിരിക്കുന്ന പാട്ടുകൾ വിദ്യാർത്ഥികൾ മനഃപാഠമാക്കുന്നു. ആരാധനയിൽ പാട്ടുകളുടെ ഈണം ഏതെന്ന് ഓരോ പാട്ടിന്റെയും മുകളിൽ കൊടുത്തിരിക്കും. മനഃപാഠമാക്കുന്നു. ആരാധനയിൽ പാട്ടുകളുടെ ഈണം ഏതെന്ന് ഓരോ പാട്ടിന്റെയും മുകളിൽ കൊടുത്തിരിക്കും. മനഃപാഠമാക്കിയിരിക്കുന്ന രാഗങ്ങൾ ഇവിടെ ഉപയോഗിക്കുവാൻ സാധിക്കും. സഭാസംഗീതം മൽപ്പാന്മാരുടെ പക്കൽനിന്ന് ശിഷ്യന്മാർ പഠിക്കുന്ന സമ്പ്രദായമാണ് ഇന്നു സഭയിലുള്ളത്. മൽപ്പാന്മാർ അവരുടെ സംഗീതാഭിരുചിയനുസരിച്ച് ശിഷ്യന്മാരെ പഠിപ്പിക്കുന്നു. അതല്ലാതെ ശാസ്ത്രീയ സംഗീതം പഠിപ്പിക്കുന്ന രീതിയിലല്ല. സ്വരസ്ഥാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടില്ല എന്നുള്ളത്കൊണ്ട് സുറിയാനി സംഗീത

# 6

# ആരാധനയിൽ ഗായകസംഘങ്ങൾക്കുള്ള സ്ഥാനം

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നമ്മുടെ ആരാധന അനുഗ്രഹപ്രദമാകുന്നതിന് ഗായകസംഘങ്ങളുടെ സേവനം ആവശ്യമാണ്. ഇന്ന് നമ്മുടെ പല പള്ളികളിലും ഗായകസംഘങ്ങളുണ്ടെങ്കിലും, നിർഭാഗ്യവശാൽ അവർക്ക് വേണ്ടതായ നിർദ്ദേശങ്ങളോ പരിശീലനങ്ങളോ ലഭിക്കാതെ പോകുന്നു. കണ്ടുപഠിച്ചിട്ടുള്ള കാര്യങ്ങൾ അനുകരിക്കുന്നതല്ലാതെ അവർ ചെയ്യുന്നത് എന്താണെന്നോ, എന്തിനാണെന്നോ അവർക്കറിഞ്ഞുകൂടാ. വൈദികർക്കോ ചുമതലപ്പെട്ടവർക്കോ അത് തിരുത്തുവാനും കഴിയുന്നില്ല. ചില സ്ഥലങ്ങളിൽ അനാവശ്യമായ രാഗമുറകളും അരങ്ങേറുന്നുണ്ട്. ഏതാണ് ശരിയെന്ന് കൃത്യമായി അറിയാത്തതുകൊണ്ട് ആരും തിരുത്തലുകൾക്ക് ശ്രമിക്കാറില്ല.

ആരാധനയിൽ സംഗീതോപകരണമാണ് കുഴപ്പമെങ്കിൽ അവ ഒഴിവാക്കാം. (അപ്പോൾ ഉപകരണത്തോടു ചേർന്നു പാടാനുള്ള കഴിവ് തങ്ങൾ നേടിയിട്ടുണ്ടോ എന്ന് വിനയത്തോടെ ചിന്തിക്കണം). എന്നാൽ, സംഗീതോപകരണമില്ലാതെ എല്ലാവരും ചേർന്നു ചൊല്ലുമ്പോഴും അവരുടെ സ്വരങ്ങൾ ശ്രുതിയോജിപ്പോടെ അല്ലെങ്കിൽ ആരാധന അരോചകമാകും. ഈ അപശ്രുതി തിരിച്ചറിയാനുള്ള സംഗീതബോധം ആർജ്ജിക്കുന്നില്ലെങ്കിൽ ശ്രുതിമധുരമായ ആരാധനയുടെ മഹിമ അവർക്കന്യമെന്നു കരുതി സമാധാനിക്കാം.

ആരാധനാസമൂഹം സംഗീതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ മനസ്സിലാക്കിയാലേ സംഗീതപ്രധാനമായ ആരാധന, അർത്ഥവത്തായും ആത്മാർത്ഥമായും ശ്രുതിമധുരമായും ഹൃദയാവർജ്ജകമായും നടത്താനാകൂ. പറയുന്നതുപോലെയല്ല ചൊല്ലലെന്നും, ചൊല്ലുന്നത് സംഗീ



www.TheCMSIndia.org

# 7

# ആരാധനയിൽ സംഗീത ഉപകരണങ്ങളുടെ ഉപയോഗം.

'വാളെടുത്തവനെല്ലാം വെളിച്ചപ്പാട്' എന്നു പറയുന്നതുപോലെ, Floppy ഇടാനും താളമിടാനും അറിയാവുന്നവരെല്ലാം കീബോർഡിസ്റ്റാണെന്ന മിഥ്യാധാരണ ഒഴിവാക്കണം. അഷ്ടരാഗങ്ങളിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന സുറിയാനി ഗീതങ്ങൾ കീബോർഡിൽ താളമിട്ട് പാടാൻ പറ്റില്ല എന്ന സത്യം അറിയാവുന്ന കീബോർഡിസ്റ്റുകൾ ചുരുക്കമാണ്. കീബോർഡിൽ കാണുന്ന Pre-set/In-built താളങ്ങൾ അഷ്ടരാഗത്തിൽ (Octo Echos) ക്രമീകരിച്ചിരിക്കുന്ന സുറിയാനി ഗാനങ്ങൾക്ക് യോജിച്ചതല്ല. അവ Chanting രൂപത്തിലാണ്. അതിന് notes stress and accent അനുസരിച്ച് Chords മാത്രം വായിച്ചാൽ മതി. Chanting Chords വായിക്കുന്ന രീതകൾ പഠിച്ചാൽ മതി. Piano Fingering അല്ലെങ്കിൽ Church Organ Fingering പഠിക്കണം. പാട്ടുകാർക്ക് ശ്രുതി കിട്ടാൻ വേണ്ടിയാണ് നാം കീബോർഡ് ഉപയോഗിക്കേണ്ടത്. ചെവിപൊട്ടുന്ന തരത്തിൽ താളമിട്ട് ആരാധനയും ഗാനമേളയും തമ്മിൽ തിരിച്ചറിയാൻ പറ്റാത്ത രീതിയിൽ, ആരാധന അലങ്കോലമാക്കാൻ ശ്രമിക്കുന്ന പിശാചിന്റെ ചുമതല ഏറ്റെടുത്ത് അത് വളരെ ഭംഗിയായി നിർവ്വഹിക്കുവാൻ മത്സരിച്ചു കൊണ്ടിരിക്കുന്ന കീബോർഡിസ്റ്റുകളുമുണ്ട്. പാട്ടുകൾ Floppy/Karoke/Pendrive എന്നിവയിൽ മുൻകൂട്ടി ചെയ്താൽ പാട്ടുകാർക്ക് എന്തെങ്കിലും തെറ്റ് സംഭവിച്ചാലും അത് തിരുത്താൻ സാധിക്കുകയില്ല. Manuel chords playing ആണെങ്കിൽ കേൾക്കാൻ നന്നായിരിക്കും. കീബോർഡ് വായിക്കാൻ നല്ല അറിവുള്ളവർ പോലും Floppy/Karoke/Pendrive എന്നിവ ഉപയോഗിക്കുന്നത് കണ്ടിട്ടുണ്ട്. തങ്ങൾ പരിശീലിച്ച കഴിവിനെ നന്നായി ഉപയോ

# 8

# ആരാധനാലയത്തിലെ ശബ്ദനിയന്ത്രണം.

പാടുന്നതിന്റെ യത്നം കുറയ്ക്കാനും പാട്ടുകളും വായനകളും വ്യക്തമായി കേൾക്കാനുമാണ് മൈക്ക് ഉപയോഗിക്കുന്നത്. ഗാനമേളയോ ടെലിവിഷൻ പ്രോഗ്രാമുകളോ കണ്ടു ശീലിച്ചിട്ട് അതിന്റെ സാദൃശ്യത്തിൽ പള്ളിയിൽ മൈക്ക് ഉപയോഗിക്കുവാൻ പാടില്ല. റിയാലിറ്റി ഷോകളിലും പോപ്പ് ഗാനമേളകളിലും മൈക്ക് ഉപയോഗിക്കുന്ന രീതി ആരാധനയുടെ അന്തരീക്ഷം സൃഷ്ടിക്കുകയില്ല. ഗാനമേളകളിൽ ഒരു ഗായകൻ മാത്രം ഗാനമാലപിക്കുമ്പോൾ വേദിയെ പ്രകമ്പനം കൊള്ളിക്കുവാനും ശ്രോതാക്കളിൽ ഗാനലഹരി പകർത്തുവാനും അവർക്ക് മൈക്കിന്റെ നാദധാരയെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

എന്നാൽ, പള്ളിയിൽ ഗായകസംഘം ഉണ്ടെങ്കിൽപ്പോലും അവർ മാത്രമല്ല, ജനങ്ങളും ചേർന്നാണ് പാടുന്നതെന്ന് ഓർത്തിരിക്കണം. ആരാധകരുടെ ഗാനത്തെ ഏകോപിപ്പിക്കുകയും പട്ടക്കാരുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗാനങ്ങൾക്ക് തുടക്കമിടുകയുമാണ് ഇവരുടെ കർത്തവ്യം. ഓരോരുത്തരുടെയും ശബ്ദമനുസരിച്ച് ശബ്ദക്രമീകരണം ചെയ്യുന്നതും. എല്ലാവരുടെയും കൈയിൽ മൈക്രൊഫോൺ പിടിച്ചു പാടുന്നതും മൈക്കിന്റെ ഉപയോഗത്തെയല്ല, ദുരുപയോഗത്തെയാണ് കാണിക്കുന്നത്. ആരാധനയ്ക്ക് ആവശ്യം നാദലഹരിയല്ല, ഭക്തിലഹരിയാണ്. ചില പ്രൊട്ടസ്റ്റന്റ് സഭകളിലെപ്പോലെ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി ദൈവാലയത്തെ കർണ്ണകഠോരമാക്കരുത്. കാർമ്മികന്റെ ശബ്ദം താഴ്ത്തി പാട്ടുകാരുടെ മൈക്കിന്റെ ശബ്ദം ഉയർത്തി മൈക്ക് ചുണ്ടോടു ചേർത്ത് പാടിത്തിളങ്ങുന്നവരെയും കാണാനിടയായിട്ടുണ്ട്. ജന

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# 9

# ഗായകസംഘത്തിന് ഒരു പാഠ്യപദ്ധതി.

## 1. Staff Notation. (1 Year Course).

താൽപ്പര്യമുള്ളവർക്ക് വളരെ ചുരുങ്ങിയ കാലം കൊണ്ട് പഠിച്ചെടുക്കാവുന്ന ഒന്നാണ് സ്റ്റാഫ് നൊട്ടേഷൻ. പാശ്ചാത്യസംഗീതലിപികൾ വായിക്കുന്നതിനുള്ള കഴിവു വളർത്തിയെടുത്താൽ ഗായകർക്ക് വെസ്റ്റേൺ നോട്ട്സ് നോക്കി പാടുവാൻ സാധിക്കും. മാത്രമല്ല, അൽപ്പമൊന്നു മനസ്സുവെച്ചാൽ വലിയ ഗായകസംഘങ്ങൾ പാടുന്നപോലെ ഹാർമ്മണി ചെയ്തിരിക്കുന്ന നോട്ടുകൾ തെറ്റാതെ പാടാൻ സാധിക്കും. ശ്രുതി, താളം എന്നിവയെപ്പറ്റി നല്ല ജ്ഞാനമുണ്ടാകും. സ്റ്റാഫ് നൊട്ടേഷൻ അറിഞ്ഞിരുന്നാൽ നമ്മൾ പഠിക്കുന്ന പാട്ടുകളുടെ ട്യൂൺ ഒരുകാലത്തും മറന്നു പോകില്ല എന്നൊരു പ്രത്യേകതയും ഇതിനുണ്ട്.

## 2. Theory of Western Music. (1 Year Course).

പാശ്ചാത്യ സംഗീതശാസ്ത്രത്തിൽ അറിവു നേടിയാൽ സംഗീതത്തിന്റെ സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം നേരാംവണ്ണം സ്കെയിൽസ്, റിഥം, കോഡ്സ് എന്നിവ ഉപയോഗിക്കുവാനുള്ള കഴിവ് ലഭിക്കും.

## 3. Voice Training. (1 Year Course).

ഗായകസംഘാംഗങ്ങൾ ശബ്ദപരിശീലനം നേടിയാൽ ആരാധന മനോഹരമാക്കാൻ സഹായകമാകും. സാധാരണ പാട്ടുകാർ ചെയ്യുന്നത് ഒരു കൺവൻഷനുവേണ്ടി കുറച്ചു പാട്ടുകൾ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 10

# ആരാധനക്രമങ്ങളിലെ അബദ്ധങ്ങൾ.

നമ്മുടെ സഭാപ്രസിദ്ധീകരണ വിഭാഗം പുറത്തിറക്കുന്ന ആരാധനക്രമങ്ങളിൽ സങ്കീർത്തനഭാഗങ്ങളും ആവർത്തിക്കപ്പെടുന്ന പ്രാർത്ഥനാഭാഗങ്ങളും ഒരേ പുസ്തകത്തിൽ തന്നെ പല വിധത്തിലും, ഓരോ പുസ്തകത്തിലും വ്യത്യസ്ത രീതിയിലും അച്ചടിക്കപ്പെടുന്നതിൽ വ്യാപകമായ പരാതികൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. പ്രാർത്ഥനയുടെ പ്രാരംഭവാക്യം മാത്രം പരിശോധിച്ചാൽ ഇത് ബോധ്യമാകും. എന്നാൽ അത്തരം കുഴപ്പങ്ങൾ ആവർത്തിക്കപ്പെടുന്നതല്ലാതെ, കുറയുന്നില്ല. ആരാധനാക്രമവും ശുശ്രൂഷാക്രമങ്ങളും സഭാ കേന്ദ്രത്തിൽ നിന്നും അച്ചടിക്കണം. ഇടവക തലത്തിലോ വ്യക്തിപരമായോ അച്ചടിച്ചാൽ ഐക്യ സ്വഭാവം നഷ്ട്ടപ്പെടും.

"ഇന്നലെ ചെയ്തോരബദ്ധം-ലോക-
ർക്കിന്നത്തെയാചാരമാകാം
നാളത്തെ ശാസ്ത്രമാകാ-മതിൽ
സമ്മതം മൂളായ്ക രാജൻ" (കുമാരനാശാൻ)

ആവർത്തിച്ചു ചൊല്ലുന്നതുമൂലം ക്രമേണ മനഃപാഠമായിത്തീർന്നിട്ട് അപ്രകാരം ചൊല്ലുന്നവരും, പല പതിപ്പിലെ പുസ്തകങ്ങൾ ഉപയോഗിക്കുന്നവരും പൊതു ആരാധനയിൽ ഒരുമിക്കുമ്പോൾ ഉണ്ടാകുന്ന അലങ്കോലം നാം കണ്ടില്ലെന്നു നടിക്കരുത്. പ്രർത്ഥനയുടെ പ്രാരംഭവാക്യം മാത്രം പല ക്രമങ്ങളിൽ കാണുന്നത് എങ്ങനെയാണെന്ന് ഒന്നു ശ്രദ്ധിച്ചാൽ മനസ്സിലാകും. 'കൃപനിറഞ്ഞ മറിയമേ.....' എന്നത് എത്ര തരത്തിലാണ് പുസ്തങ്ങളിൽ കാണുന്നത്? 'തമ്പുരാന്റെ അമ്മേ....' എന്നു പോലും ചില ക്രമത്തിലുണ്ട്. ഇതൊക്കെ ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ?



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# 11

# സംഗീതം എന്ന ഔഷധം.
# (Music Theraphy)

ബുദ്ധിഭ്രമത്തിന് ഒരു ഔഷധമായി സംഗീതത്തെ കരുതുന്നു. കിന്നര വായനയിൽ നിപുണനായ ഒരുത്തനെ അന്വേഷിപ്പാൻ തിരുമനസ്സുകൊണ്ട് അടിയങ്ങൾക്ക് കൽപ്പന തരണം. (1 ശമുവേൽ 16:16). ബേത്‌ലഹേമ്യനായ യിശ്ശായിയുടെ മകൻ (ദാവിദ്) കിന്നര വായനയിൽ നിപുണനായിരുന്നു. (1.ശമുവേൽ 16:18). ദൈവത്തിന്റെ പക്കൽനിന്ന് ദുരാത്മാവ് ശൗലിന്മേൽ വരുമ്പോൾ ദാവീദ് കിന്നരം എടുത്ത് വായിക്കും. ശൗലിന് ആശ്വസവും സുഖവും ഉണ്ടാകം; ദുരാത്മാവ് അവനെ വിട്ടുമാറും. (1.ശമുവേൽ 16:23). (1. ശമുവേൽ 16:14-23 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ മനസ്സിലാക്കാം) മ്യൂസിക് തെറാപ്പി എന്ന ചികിത്സ, യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പ് ലോകത്തിൽ ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

മ്യൂസിക്ക് തെറാപ്പി എന്നാൽ എന്താണെന്ന് നോക്കാം. നമ്മുടെ മനസ്സ്, ആത്മാവ്, ശരീരം എന്നിവയെ സ്വാധീനിക്കുവാൻ സംഗീതത്തിന് കഴിവുണ്ട്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണംവരെയുള്ള ഓരോ ഘട്ടത്തിലും (വ്യക്തിത്വം, സ്വഭാവം, മൂല്യബോധം, പ്രതികരണം തുടങ്ങിയ എല്ലാ മേഖലകളിലും) സംഗീതത്തിന് പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

വിഷാദം, ഉത്ക്കണ്ഠ, മനഃസംഘർഷം, ഉറക്കമില്ലായ്മ എന്നീ നിഷേധാത്മക പ്രതിഭാസങ്ങളും, കുട്ടികളിലെ സർവ്വതോന്മുഖ വളർച്ചയ്ക്കായുള്ള സംരംഭങ്ങളിലും, സമൂഹത്തിന്റെ നാനാ മേഖലകളിലും മാനസ്സികാരോഗ്യം പരിപോഷിപ്പിക്കു

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# 12

## സംഗീത പഠനത്തിനു മുമ്പ് ഒരു നിമിഷം.

നിരൂപണം അത്ര എളുപ്പമായ ഒന്നല്ല. ഏതൊരു വിഷയത്തെപ്പറ്റി വിമർശിക്കണമെങ്കിലും വിമർശകൻ ആ വിഷയം നന്നായി മനസ്സിലാക്കിയിരിക്കണം. വിമർശനങ്ങൾ കേൾക്കുമ്പോൾ അതിൽ എന്തെങ്കിലും സത്യമുണ്ടോയെന്ന് അന്വേഷിക്കണം. അല്ലാതെ വിമർശിക്കുന്നവരെ വിമർശിക്കുന്ന ഏർപ്പാട് ശരിയല്ല. എന്റെ നിരൂപണങ്ങൾ വായിച്ചിട്ടുള്ളവരിൽ സത്യം മനസ്സിലാക്കിയ ചിലർ എന്നെ പ്രോത്സാഹിപ്പിക്കാറുണ്ട്. വിമർശനങ്ങൾ ആരെയും നശിപ്പിക്കാനല്ല, മറിച്ച് നന്നാകാനാഗ്രഹിക്കുന്നവർക്ക് നന്നകാനാണ്. എന്നാൽ, മറ്റുള്ളവരുടെ കുറ്റപ്പെടുത്തലുണ്ടെങ്കിലും സംഗീത വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും വേണ്ടി ഞാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു. ഇവിടെ പറഞ്ഞിരിക്കുന്നത് സത്യമെങ്കിൽ അംഗീകരിക്കുക അല്ലെങ്കിൽ തള്ളിക്കളയുക. എന്തായാലും ഞാൻ എന്റെ കടമ ചെയ്യുന്നു എന്നുമാത്രം. കുട്ടിക്കാലം മുതൽ നിരീക്ഷിക്കുകയും പരിശീലിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിനിടയിൽ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്ത സംഗതികളുടെ പിൻബലത്തിലാണ് ഈ വാക്കുകൾ കുറിക്കുന്നത്. എന്റെ വാക്കുകൾക്ക് മാർദ്ദവം കുറഞ്ഞുപോയെങ്കിൽ സദയം ക്ഷമിക്കുവിൻ.

**സംഗീത അദ്ധ്യാപകർക്കായ്.**

"ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്". ചില അദ്ധ്യാപകർ സംഗീതം പഠിപ്പിക്കുന്ന രീതി തെറ്റാണ്. ഇത്തരം തെറ്റുകൾ തിരുത്താൻ പറ്റിയാൽ നല്ലത്. ആരെയും മനഃപൂർവ്വം വേദനിപ്പിക്കാൻ ഞാനുദ്ദേശിക്കുന്നില്ല.



www.TheCMSIndia.org

# സുറിയാനി അക്ഷരങ്ങൾ.

**എക്ബൊ**

(ഭക്തർ പുകഴ്ച ഭാജനമേ...............)

ഓലഫ്/ ബേസ്/ ഗോമാൽ/ ദോലാദ്/
ഹെ/ വാവ്/ സായ്/ ഹേസ്/ തേസ്/ യൂദ്/ കോഫ്/
ലോമാദ്/ മീം/ നൂൻ/ സെമക്കാസ്/ എ/
പെ/ സോദെ/ ഖോഫ്/ റീശ്/ ശീൻ/ താവ്.

**കുക്കിലിയോൻ**

(നിന്നൂ മഹിമയൊടാ രാജകുമാരീ......)

അക്ഷരമഖിലം വ്യഞ്ജമാം ഹാലേലൂയ്യാ
സ്വരലബ്ധിക്കായ് പുള്ളികൾ ചേർത്തീടും

സുറിയാനി **Vowels**

അ, ഒ, എ, ഇ, ഉ

**എക്ബൊ**

(ഭക്തർ പുകഴ്ച ഭാജനമേ...............)

ഓലഫിനൊടു ചേർന്നിടുമ്പോൾ
അ, ഒ, എ, ഇ, ഉ എന്നും
ബേസിനൊടു ചേരുമ്പോൾ
ബ, ബൊ, ബെ, ബി, ബു, എന്നും.

*******



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# സുറിയാനി സഭയുടെ ഗായക സംഘങ്ങൾക്കായ് .....

ഡീക്കൻ സഞ്ചു പട്ടാഴി

സംഗീതത്തെക്കുറിച്ച് പൊതുവെയും, സുറിയാനി സംഗീതത്തെക്കുറിച്ച് പ്രത്യേകിച്ചും, ആഴത്തിലും ശാസ്ത്രീയമായും, വേദപുസ്തക അടിസ്ഥാനത്തിലും പ്രതിപാദിക്കുന്ന **"സുറിയാനി സഭയുടെ ഗായക സംഘങ്ങൾക്കായ്...."** എന്ന ഗ്രന്ഥം ആരാധനയുടെ വിവിധ വശങ്ങളെയും അതിന് ഇന്ന് ഭവിച്ചിരിക്കുന്ന ധാരാളം വീഴ്ചകളെയും അഭിസംബോധന ചെയ്യുന്നുണ്ട്. ഭാഷാശുദ്ധി, ശ്രുതി, താളം, രാഗം, ഇവയിലുള്ള നിഷ്ഠാബോധം സംഗീതത്തിന്റെ വിശുദ്ധി, സുറിയാനി സംഗീതത്തിന്റെ രാഗനിഷ്ഠകൾ, ഉപകരണസംഗീതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങി ധാരാളം വിഷയങ്ങൾ ലളിതമായും എന്നാൽ ഗഹനമായും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം എല്ലാവരും ഉപയോഗിക്കണം. വളരെ കാലിക പ്രസക്തിയുള്ള ഈ ഗ്രന്ഥം എഴുതിയ ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് കോശി (സഞ്ചു പട്ടാഴി) ശെമ്മാശ്ശനെ ദൈവം അനുഗ്രഹിക്കട്ടെ.

ഡോ.ഗീവർഗ്ഗീസ് മോർ കുറിലോസ്, മെത്രാപ്പോലീത്താ
(യാക്കോബായ സുറിയാനി സഭ, നിരണം ഭദ്രാസനം)

**Published by -**
Rev.Dn.Sanju Pattazhy.
Puthenveettil,Thekketherry.P.O.
Pattazhy. Pin.691522, Kollam (Dist.), Kerala.
Mobile : 09847030241.
E-Mail : sanjusmusic@yahoo.com.

₹150

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

## Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org